# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.119

11.02.2016-ൽ മറുപടിക്ക്

## ആധാരങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.പി.സി വിഷ്ണുനാഥ്<br>ശ്രീ.സണ്ണി ജോസഫ് | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ആധാരങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | എ) ആധാരങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിന് പദ്ധതികളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. എന്നാൽ ആധാര വിവരങ്ങൾ ഓൺലൈനായി ലഭിക്കുന്നതിനുള്ള പദ്ധതി സംസ്ഥാന വ്യാപകമായി നടന്നു വരികയാണ്. ആധാരങ്ങൾ തയ്യാറാക്കി ഓൺലൈനായി സമർപ്പിക്കുവാനും കക്ഷിയുടെ സൗകര്യത്തിന് അനുസരിച്ച് രജിസ്ട്രേഷനുള്ള തീയതിയും സമയവും നിശ്ചയിച്ചുകൊണ്ടുള്ള ടോക്കൺ നേരത്തേ എടുക്കുവാനുമുള്ള സൗകര്യം സംസ്ഥാനത്തെ 242 സബ് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) സംസ്ഥാനത്തെ 314 സബ് രജിസ്ട്രാർ ഓഫീസുകളിലെയും വിവരങ്ങൾ ക്രോഡീകരിച്ച് തിരുവനന്തപുരത്തുള്ള ഡേറ്റാ സെന്ററിലെ കമ്പ്യൂട്ടറുകളിൽ ശേഖരിക്കുകവഴി രജിസ്ട്രേഷൻ സംബന്ധമായ സേവനങ്ങൾ ഇന്റർനെറ്റ് അധിഷ്ഠിത സംവിധാനത്തിലേക്ക് മാറ്റിക്കൊണ്ട്, സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനത്തിൽ ഒരു പുതിയ ചുവടുവയ്പ്പ് കാഴ്ചവയ്ക്കുവാൻ ഈ പദ്ധതിയിലൂടെ സർക്കാർ ഉദ്ദേശിക്കുന്നു. നിലവിലെ പ്രവർത്തനരീതിക്ക് പകരം, 314 സബ് രജിസ്ട്രാർ ഓഫീസുകളെയും ഒരു പ്രത്യേക കമ്പ്യൂട്ടർ ശൃംഖലവഴി തിരുവനന്തപുരത്തുള്ള ഡേറ്റാ സെന്ററുമായി |

| | | |
|---|---|---|
| | | ബന്ധപ്പെട്ടത്തിക്കൊണ്ടുള്ള പ്രവർത്തന രീതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ അവിഭാജ്യ ഘടകമായ കണക്ടിവിറ്റി സൗകര്യം ബി.എസ്.എൻ.എൽ-ൽനിന്ന് ലഭ്യമാക്കി, Kerala State Wide Area ശൃംഖലയുമായി ബന്ധപ്പെട്ടത്തിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.<br>ഈ സംവിധാനം പ്രാബല്യത്തിൽ വരുമ്പോൾ, സർക്കാരിന് ചുവടെപ്പറയുന്ന സേവനങ്ങൾ ലഭ്യമാകുന്നതാണ്:<br>1. സംസ്ഥാനത്തെ ആധാര രജിസ്ട്രേഷനുകൾ സംബന്ധിച്ച് പൂർണ്ണമായ വിവരങ്ങൾ ഒരു സ്ഥലത്ത് കേന്ദ്രീകരിക്കുന്നു.<br>2. രജിസ്ട്രേഷൻ വകുപ്പിന്റെ റവന്യൂ വരുമാനവുമായി ബന്ധപ്പെട്ട് എല്ലാ വിവരങ്ങളും ഉടനടി ലഭ്യമാകുന്നു.<br>3. ഫോട്ടോയും വിരൽപ്പതിപ്പും ഇലക്ട്രോണിക്കായിത്തന്നെ എടുക്കുന്ന സംവിധാനം നിലവിൽ വരുമ്പോൾ വ്യാജ ആധാരങ്ങൾ തടയുവാൻ കഴിയുന്നു.<br>4. രജിസ്ട്രേഷൻ വരുമാനത്തെ അടിസ്ഥാനപ്പെടുത്തിയുള്ള സാമ്പത്തിക വിശകലനം സാധ്യമാകുന്നു. |
| സി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സി) 1. പദ്ധതിയുടെ നടത്തിപ്പിനായി രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിലുള്ള എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.<br>2. കംപ്യൂട്ടറുകളിൽ നെററ്വർക്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br>3. വകുപ്പിലെ ജീവനക്കാർക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി പരിശീലനം നല്കിവരുന്നു.<br>4. ആദ്യ ഘട്ടത്തിൽ ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ, ആധാരപ്പകർപ്പുകൾ, വിവാഹം, ഗഹാൻ എന്നീ സേവനങ്ങൾക്കുള്ള അപേക്ഷാ വിവരങ്ങൾ ഓൺലൈനായി |

നല്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ആധാരങ്ങൾ തയ്യാറാക്കി ഓൺലൈനായി സമർപ്പിക്കുവാനും കക്ഷിയുടെ സൗകര്യത്തിന് അനുസരിച്ച് രജിസ്ട്രേഷനുള്ള തീയതിയും സമയവും നിശ്ചയിച്ചുകൊണ്ടുള്ള ടോക്കൺ നേരത്തേ എടുക്കുവാനുമുള്ള സൗകര്യം 242 സബ് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ബാക്കിയുള്ള സബ് രജിസ്ട്രാർ ഓഫീസുകളിലും ഈ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്ട്രേഷനുകൾക്ക് ഹാജരാക്കുന്ന ആധാരങ്ങളുടെ ഘടനയ്ക്ക് ഏകീകൃത രൂപവും നിലവാരവും കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
6. മുദ്രകൾ ഇലക്ട്രോണിക് രൂപത്തിൽ നല്കുന്ന ഇ-സ്റ്റാമ്പിംഗ് പദ്ധതിയുടെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.
7. സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്റ്റർ വാല്യങ്ങളായി സൂക്ഷിച്ചിരിക്കുന്ന ആധാര പകർപ്പുകൾ സ്കാൻ ചെയ്തു ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചു.
8. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ നല്കുന്നതിനായി 1980 മുതലുള്ള ആധാരവിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

**സെക്ഷൻ ഓഫീസർ**